പതിനാലാം കേരള നിയമസഭ

പതിനാറാം സമ്മേളനം

# പ്രതികളായ പോലീസ് ഉദ്യോഗസ്ഥരുടെ പട്ടിക

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ :3746 11/11/2019-ൽ മറുപടിക്ക്**

<table>
<tr><td colspan="2">ചോദ്യം<br>ശ്രീ.എൽദോസ് പി. കുന്നപ്പിള്ളിൽ</td><td colspan="2">മറുപടി<br>പിണറായി വിജയൻ<br>(മുഖ്യമന്ത്രി)</td></tr>
<tr><td>(എ)</td><td>ഗുരുതരമായ കുറ്റകൃത്യങ്ങളിൽ പ്രതികളായ പോലീസ് ഉദ്യോഗസ്ഥരുടെ പട്ടിക ആഭ്യന്തര വകുപ്പ് തയ്യാറാക്കിയിട്ടുണ്ടോ; ആയതിന്റെ റാങ്ക് തിരിച്ചുള്ള വിശദാംശം വ്യക്തമാക്കുമോ;</td><td>(എ)</td><td>ഗുരുതരമായ കുറ്റകൃത്യങ്ങളിൽ പ്രതികളായിട്ടുള്ള സർവ്വീസിലുള്ള പോലീസ് ഉദ്യോഗസ്ഥരുടെ കണക്ക് റാങ്ക് തിരിച്ച് ചുവടെ ചേർക്കുന്നു.
<table>
<tr><td>DC/DySP/AC</td><td>2</td></tr>
<tr><td>CI/RI/API</td><td>3</td></tr>
<tr><td>SI/RSI/APSI/SI(G)</td><td>9</td></tr>
<tr><td>ASI/RASI/APASI/ASI (G)</td><td>4</td></tr>
<tr><td>SCPO/WSCPO/SCPO (G)</td><td>19</td></tr>
<tr><td>SPO/WCPO</td><td>57</td></tr>
<tr><td>DRIVERS</td><td>5</td></tr>
<tr><td>TOTAL</td><td>99</td></tr>
</table></td></tr>
<tr><td>(ബി)</td><td>കുറ്റകൃത്യങ്ങളിൽ പ്രതികളായ പോലീസ് ഉദ്യോഗസ്ഥരെ കേരള പോലീസ് ആക്ടിലെ വകുപ്പ് പ്രകാരം നടപടി സ്വീകരിക്കണമെന്ന് മനുഷ്യാവകാശ കമ്മീഷൻ ആവശ്യപ്പെട്ടിട്ടുണ്ടോ; എങ്കിൽ അതിന്റെ അടിസ്ഥാനത്തിൽ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് അറിയിക്കുമോ ?</td><td>(ബി)</td><td>ആവശ്യപ്പെട്ടിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ എ.ഡി.ജി.പി, ക്രൈം ബ്രാഞ്ച് ചെയർമാനായി ഒരു കമ്മിറ്റി രൂപീകരിച്ചിട്ടുള്ളതും, ഈ കമ്മിറ്റി ക്രിമിനൽ കേസിൽ പ്രതികളായി ഗുരുതരമായ ആരോപണങ്ങൾ നേരിടുന്ന പോലീസുദ്യോഗസ്ഥരുടെ ഒരു പട്ടിക സമർപ്പിച്ചിട്ടുള്ളതുമാണ്. കോടതി മുമ്പാകെ വിചാരണയിലിരിക്കുന്ന വിഷയം സംബന്ധിച്ച് വകുപ്പുതല അന്വേഷണത്തിലെ അന്തിമ തീർപ്പ് ഉത്തരവ് വിഷയത്തിൽ പുറപ്പെടുവിക്കാൻ കോടതി തീർപ്പ് കൽപ്പിച്ചതിനുശേഷം മാത്രമേ പാടുള്ളൂ എന്ന് കേരള പോലീസ് ഡിപ്പാർട്ടമെന്റ് ഇൻക്വയറീസ് പണിഷ്മെന്റ് & അപ്പീൽ റൂൾസിലെ ചട്ടം 10 വ്യവസ്ഥ ചെയ്തിട്ടുള്ളതിനാൽ ഇവർക്കെതിരെ അച്ചടക്കനടപടികൾ തീർപ്പാക്കാൻ</td></tr>
</table>

| | | | |
|---|---|---|---|
| | | | സാധിച്ചിട്ടില്ല എന്നിരുന്നാലും ഗുരുതരമായ ക്രിമിനൽ കേസുകളിൽ പ്രതികളായി അച്ചടക്ക നടപടികൾ നേരിടുന്നവരെ പ്രസ്തുത നടപടികൾ തീർപ്പാക്കി സർവ്വീസിൽ നിന്നും നീക്കം ചെയ്യാവുന്നതാണ് എന്ന ബഹു. സുപ്രീംകോടതി വിധിയുടെ വെളിച്ചത്തിൽ കേരള പോലീസ് ഡിപ്പാർട്ട്മെന്റ് ഇൻക്വയറീസ് പണിഷ്മെന്റ് & അപ്പീൽ റൂൾസിലെ ചട്ടം 10 നിലനിൽക്കുന്നതാണോ എന്നതിലേക്ക് അഡ്വക്കേറ്റ് ജനറലിൽ നിന്നും നിയമോപദേശം തേടിയതിൽ, കേരള പോലീസ് ഡിപ്പാർട്ടമെന്റ് ഇൻക്വയറീസ് പണിഷ്മെന്റ് & അപ്പീൽ റൂൾസിലെ ചട്ടം 10-ന് പുറമേ 2011-ലെ കേരള പോലീസ് ആക്റ്റ് സെക്ഷൻ 86 (2) 101 (8)(1) കൂടി ഭേദഗതി വരുത്തണമെന്ന് നിയമോപദേശം ലഭിച്ചിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ ഇക്കാര്യത്തിൽ അനന്തര സത്വര നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ